**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 367** **08-06-2021 - ൽ മറുപടിയ്ക്ക്**

**കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന, കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ എൻ.സി.ഡി.സി നവീകരണ പദ്ധതിയുടെ ആകെ അടങ്കൽ തുകയായ 57.36 കോടി രൂപയിൽ, 31.03.2021 വരെ 26.95 കോടി രൂപ മില്ലിന് കൈമാറിയിട്ടുണ്ട്. ആദ്യഘട്ട നവീകരണത്തിന്റെ ഭാഗമായി 7296 സ്പിൻഡിൽസ് സ്ഥാപിക്കുകയും 2021 ഫെബ്രുവരി 16 മുതൽ മിൽ പുന:പ്രവർത്തനമാരംഭിക്കുകയും ചെയ്തു. വൈൻഡിംഗ് ഡിപ്പാർട്ടമെന്റ് ഒഴികെയുള്ള മറ്റു ഡിപ്പാർട്ട്മെന്റുകൾ എല്ലാം തന്നെ പൂർണ്ണതോതിൽ നവീകരിക്കുകയും പ്രവർത്തനം സുഗമമായി നടന്നുവരികയുമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ ടി മില്ലിന്റെ നവീകരണത്തിനായി 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ടി തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | നവീകരണ ജോലികൾ പൂർത്തിയാക്കി സ്പിന്നിംഗ് മിൽ പൂർണ്ണമായ നിലയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങൾ ഇനി അവശേഷിക്കുന്നുണ്ടെന്നും അവ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ (25536 സ്പിൻഡിൽസ്) നവീകരിക്കുന്നതിനുള്ള 57.39 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങളാണ് നടന്ന് വരുന്നത്. ആയതിന്റെ ആദ്യഘട്ടമായി 7296 സ്പിൻഡിൽസ് സ്ഥാപിച്ചു. വൈൻഡിംഗ് ഡിപ്പാർട്ടമെന്റ് സ്പിൻഡലിന്റെ നവീകരണത്തിന് 2021-22 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപ ഉപയോഗിച്ച് വൈൻഡിംഗ് ഡിപ്പാർട്ട്മെന്റും മറ്റു അനുബന്ധ സിവിൽ ഇലക്ട്രിക്കൽ മെഷിനറികളും നവീകരിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്പിൻഡിൽസ് പൂർണ്ണമായും സ്ഥാപിച്ചു പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ